LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന പിന്നോക്ക വിദ്യാർത്ഥികൾക്ക് ക്ഷേമവകുപ്പിന്റെ സാമ്പത്തിക സഹായം

90 [6065] ശ്രീ. എ. എൻ. രാജൻബാബു:
,, കെ. കെ. ഷാജു:
,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിനകത്തും പുറത്തുമുള്ള അംഗീകൃത കോളേജുകളിൽ പഠിക്കുന്ന പിന്നോക്ക സമുദായാംഗങ്ങളായ വിദ്യാർത്ഥികൾക്ക് പിന്നോക്കസമുദായ ക്ഷേമ വകുപ്പിൽനിന്നും സാമ്പത്തിക സഹായം ലഭ്യമാക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത വിഭാഗം വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിക്കുന്നതിനായി സാമ്പത്തിക സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിനകത്തുള്ള പിന്നോക്ക സമുദായാംഗങ്ങളായ വിദ്യാർത്ഥികൾക്ക് വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് സൗജന്യം, ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ അനുവദിച്ചുവരുന്നു. കേരളത്തിന് പുറത്തുള്ള പിന്നോക്ക സമുദായാംഗങ്ങളായ വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നില്ല.

(ബി) വാർഷിക വരുമാനം 20,000 രൂപവരെയുള്ളവരുടെ മക്കൾക്ക് പ്ലസ് ടുവിനും (+2), 25,000 രൂപവരെയുള്ളവരുടെ മക്കൾക്ക് ഡിഗ്രിക്കും, ഫീസ് സൗജന്യത്തിന് അർഹതയുണ്ട്. പ്രൊഫഷണൽ കോഴ്സുകൾക്ക് 36,000 രൂപവരെ വാർഷിക വരുമാനമുള്ളവരുടെ മക്കൾക്ക് ഫീസ് സൗജന്യത്തിനുപുറമെ ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും ലഭിക്കും. 42,000 രൂപവരെ വാർഷിക വരുമാനമുള്ളവരുടെ മക്കൾക്ക് ഫീസ് സൗജന്യവും ലംപ്സം ഗ്രാന്റും ലഭിക്കും.

(സി) ബാധകമല്ല.

അച്ചടി വകുപ്പിൽ യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് വിവിധ വർഷങ്ങളിൽ അനുവദിച്ച തുക

91 [6066] ശ്രീ. സി. ടി. അഹമ്മദ് അലി:
,, പി. കെ. അബ്ദുറബ്ബ്:
,, ടി. പി. എം. സാഹിർ:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-97, 1997-98, 1998-99, 1999-2000, 2000-01 എന്നീ സാമ്പത്തിക വർഷങ്ങളിൽ അച്ചടി വകുപ്പിലെ വിവിധ പ്രസ്സുകളിൽ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനായി പ്ലാൻ, നോൺപ്ലാൻ ഇനങ്ങളിൽ ഓരോ വർഷവും എത്ര തുക അനുവദിച്ചു;

(ബി) എത്ര തുകയുടെ യന്ത്രസാമഗ്രികൾ ഓരോ വർഷവും വാങ്ങി;

(സി) 2001-02, 2002-03 എന്നീ സാമ്പത്തിക വർഷങ്ങളിൽ അച്ചടി വകുപ്പിൽ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനായി പ്ലാൻ, നോൺപ്ലാൻ ഇനങ്ങളിൽ ഓരോ വർഷവും എന്തു തുക അനുവദിച്ചു;

(ഡി) എന്തു തുകയുടെ യന്ത്രസാമഗ്രികൾ ഓരോ വർഷവും വാങ്ങി;

(ഇ) ഓരോ വർഷവും എന്തു തുക ഈ ഇനങ്ങളിൽ ലാപ്സായി;

(എഫ്) യന്ത്ര സാമഗ്രികൾ വാങ്ങാനായി അച്ചടി വകുപ്പിന് ഓരോ വർഷവും പ്ലാൻ, നോൺപ്ലാൻ ഇനങ്ങളിൽ അനുവദിക്കുന്ന തുക ലാപ്സാകാതിരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത വർഷങ്ങളിൽ അനുവദിച്ച തുക താഴെ പറയുന്നു:

വർഷം	നോൺ പ്ലാൻ	പ്ലാൻ
1996-97	20 ലക്ഷം രൂപ	30 ലക്ഷം രൂപ
1997-98	70 ,,	100 ,,
1998-99	21 ,,	55 ,,
1999-00	21 ,,	340 ,,
2000-01	16 ,,	105 ,,

(78.75 ആയി കുറവ് വരുത്തി)

(ബി) ഓരോ വർഷവും വാങ്ങിയ യന്ത്രസാമഗ്രികളുടെ വിവരം താഴെ ചേർക്കുന്നു:

വർഷം	നോൺ പ്ലാൻ	പ്ലാൻ
1996-97	6.75 ലക്ഷം രൂപ	2.52 ലക്ഷം രൂപ
1997-98	40.17 ,,	31 ,,
1998-99	8.46 ,,	19.53 ,,
1999-00	12.3 ,,	281.12 ,,
2000-01	16.73 ,,	78.75 ,,

LIBRARY ARCHIVES Kerala Legislative Assembly

(സി)	വർഷം	നോൺ പ്ലാൻ	പ്ലാൻ
	2001-02	10 ലക്ഷം രൂപ	113 ലക്ഷം (84.75 ലക്ഷം രൂപയായി കുറവുചെയ്തു)
	2002-03	10 ലക്ഷം രൂപ	30 ലക്ഷം രൂപ (25.5 ലക്ഷമായി കുറവു വരുത്തി)

(ഡി) 2001-02 വർഷത്തിൽ യന്ത്രസാമഗ്രികൾ ഒന്നും വാങ്ങിയില്ല. 2002-03 വർഷത്തിൽ നോൺ പ്ലാൻ ഇനത്തിൽ 2.46 ലക്ഷം രൂപയ്ക്കും പ്ലാൻ ഇനത്തിൽ 24.47 ലക്ഷം രൂപയ്ക്കും യന്ത്രസാമഗ്രികൾ വാങ്ങി.

(ഇ) ലാപ്സായ തുക ചുവടെ ചേർക്കുന്നു:

വർഷം	നോൺ പ്ലാൻ	പ്ലാൻ
1996-97	12.27 ലക്ഷം രൂപ	27.48 ലക്ഷം രൂപ
1997-98	21.23 ,,	23 ,,
1998-99	0.94 ,,	35.47 ,,
1999-00	0.90 ,,	ഇല്ല
2000-01	0.27 ,,	ഇല്ല
2001-02	2.64 ,,	61.52 ,,
2002-03	2.79 ,,	1.03 ,,

ഈ വർഷങ്ങളിൽ റീ അപ്രോപ്രിയേഷൻ മുഖേന ചെലവാക്കിയ തുക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(എഫ്) സ്വീകരിക്കുന്നതാണ്.

തൃക്കാക്കര കെ. ബി. പി. എസ്. സ്ഥാപനം

92 [6067] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളത്തെ തൃക്കാക്കര കെ. ബി. പി. എസ്. എന്ന സ്ഥാപനം ഗുരുതരമായ പ്രതിസന്ധിയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാരിന്റെ അച്ചടി ആവശ്യങ്ങൾക്കായി ഈ പ്രസ്സ് പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നു വ്യക്തമാക്കാമോ;

(സി) പാഠപുസ്തകങ്ങളുടെ അച്ചടി സംബന്ധമായ മറ്റു ജോലികളും പ്രസ്തുത സ്ഥാപനത്തെ ഏൽപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly